"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കിൻഫ്രയും സംസ്ഥാന ടെക്സ്റ്റൈൽ കോർപറേഷനും തമ്മിൽ "കുട്ടനാട് റൈസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ്" എന്ന ജോയിന്റ് വെഞ്ചർ കമ്പനി തുടങ്ങുവാൻ ഉത്തരവായിരുന്ന സർക്കാർ ഉത്തരവ് റദ്ദാക്കിയും, പാലക്കാടും ആലപ്പുഴ പ്രഭുറാം മില്ലിലും ആരംഭിക്കുന്നതും ഭാവിയിൽ വ്യവസായ വകുപ്പിന് കീഴിൽ തൃശ്ശൂരിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതുമായ റൈസ് ടെക്നോളജി പാർക്കുകൾ, "കേരള റൈസ് ലിമിറ്റഡ്" എന്ന പൊതുമേഖലാ സ്ഥാപനത്തിന് കീഴിൽ തുടരുന്നതിന് വേണ്ട ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

---

**വ്യവസായ (ജി) വകുപ്പ്**

സ.ഉ.(കൈ) നം.62/2022/ID തീയതി,തിരുവനന്തപുരം, 27-06-2022

---

പരാമർശം:-

1. 06-01-2020 -ാം തീയതിയിലെ സ.ഉ. (സാധാ) നം. 16/2020/വ്യവ. സർക്കാർ ഉത്തരവ്.
2. 21-10-2020 -ാം തീയതിയിലെ സ.ഉ. (സാധാ) നം. 901/2020/വ്യവ. സർക്കാർ ഉത്തരവ്.
3. 05-02-2021 -ാം തീയതിയിലെ സ.ഉ. (സാധാ) നം. 144/2021/വ്യവ. സർക്കാർ ഉത്തരവ്.
4. 01-04-2022 -ാം തീയതിയിലെ സ.ഉ. (കൈ) നം. 30/2022/വ്യവ. സർക്കാർ ഉത്തരവ്.
5. കേരള റൈസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 11-04-2022-ാം തീയതിയിലെ കെ.ആർ.എൽ./അഡ്മിൻ/2022/006 നമ്പർ കത്ത്.
6. കിൻഫ്ര മാനേജിംഗ് ഡയറക്ടറുടെ 30-04-2022-ാം തീയതിയിലെ കിൻ/IV-19/2022-23/4291 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ച ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ ഒരു അംഗീകൃത സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും ടി സ്ഥാപനത്തിന് "കേരള റൈസ് ലിമിറ്റഡ്" എന്ന പേര് നിർദേശിച്ചുകൊണ്ടും പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു .

2) ആലപ്പുഴയിൽ സ്ഥാപിക്കുന്ന റൈസ് ടെക്നോളജി പാർക്കിനു വേണ്ടി ഭൂമി കണ്ടെത്തിയ പ്രഭുറാം മില്ലിന്റെ സ്ഥലം ഉടമയായ കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനും കിൻഫ്രയുമായി ചേർന്നു, പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ വിലയ്ക്ക് ആനുപാതികമായി

ഓഹരി നൽകി കൊണ്ടു "കുട്ടനാട് റൈസ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന പേരിൽ ജോയിന്റ് വെഞ്ചർ കമ്പനി രൂപികരിക്കുവാൻ അനുമതി നൽകിക്കൊണ്ടും ടി കമ്പനിയുടെ ഓഹരി ഉടമകളെയും ഡയറക്ടർമാരെയും നിശ്ചയിച്ച് കൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രഭുറാം മില്ലിന്റെ ആകെ ഭൂമിയും സ്ഥാവരജംഗമ വസ്തുക്കളും പ്രോവിഡന്റ് ഫണ്ട് വകുപ്പ് ജപ്തി ചെയ്ത സാഹചര്യത്തിൽ ടി കമ്പനി രൂപീകരിക്കുന്നത് നിർത്തിവെച്ചിരുന്നു.

3) പരാമർശം(2) പ്രകാരം ഭരണാനുമതി നൽകിയ കുട്ടനാട് റൈസ് പാർക്ക് ആരംഭിക്കുന്നതിനായി കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ പ്രഭുറാം മിൽസിന്റെ 5.18 ഏക്കർ (209.63 ആർ) വസ്തുവിന് ഒരു ആറിന് ₹48,000/- നിരക്കിൽ 209.63 ആറിന് ₹1,00,62,240 (ഒരു കോടി അറുപത്തി രണ്ടായിരത്തി ഇരുന്നൂറ്റി നാല്പത് രൂപ മാത്രം) കിൻഫ്ര നൽകി കൊണ്ട് കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ ടി ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിന് പരാമർശം(4) സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

4) ആലപ്പുഴയിൽ ടി പദ്ധതിക്കായി കണ്ടെത്തിയ 5.18 ഏക്കർ ഭൂമിക്കു ജപ്തിയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടി പരാമർശം(2) ഉത്തരവ് പ്രകാരം നിശ്ചയിച്ച തുക നല്കുന്നതിനാലും ഒരേ ലക്ഷ്യത്തിലുള്ള ഒന്നിലധികം സ്ഥാപനങ്ങൾ ആരംഭിക്കുന്നതു സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കു വിരുദ്ധമായതിനാലും കുട്ടനാട് റൈസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥപനം ആരംഭിക്കേണ്ടതില്ലാത്തത് ആകുന്നുവെന്ന് കേരള റൈസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു. കിൻഫ്രയും സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനും തമ്മിൽ ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന കുട്ടനാട് റൈസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭം റദ്ദാക്കുന്നതിനും പാലക്കാടും ആലപ്പുഴയിലെ പ്രഭുറാം മില്ലിൽ ആരംഭിക്കുന്നതും ഭാവിയിൽ വ്യവസായ വകുപ്പിനു കീഴിൽ തൃശ്ശൂരിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ റൈസ് ടെക്നോളജി പാർക്കുകൾ കേരള റൈസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിനു കീഴിൽ തുടരുന്നതിനും വേണ്ട ഭരണാനുമതി നൽകണമെന്ന് പരാമർശം-5 കത്ത് പ്രകാരം കേരള റൈസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

5) ആലപ്പുഴയിൽ സ്ഥാപിക്കുന്ന റൈസ് ടെക്നോളജി പാർക്കിനു വേണ്ടി കണ്ടെത്തിയ പ്രഭുറാം മില്ലിന്റെ സ്ഥലം ഉടമയായ കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനുമായി ചേർന്നു, പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ വിലയ്ക്ക് അനുപാതമായി ഓഹരി നൽകി കൊണ്ടു കുട്ടനാട് റൈസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കാനായി പരാമർശം - 3 സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും ടി സ്ഥാപനത്തിന്റെ സ്ഥലം പ്രോവിഡന്റ് ഫണ്ട് വകുപ്പ് ജപ്തി ചെയ്യുകയും ഭൂമിവില രൊക്കം നൽകുകയും ചെയ്യേണ്ടുന്ന സ്ഥിതി സംജാതമായതിനാൽ ആനുപാതിക ഓഹരി വ്യവസ്ഥയിൽ ഒരു കമ്പനി രൂപീകരിക്കാൻ ആകാത്ത അവസ്ഥയാണുള്ളതെന്ന് പരാമർശം-6 കത്ത് പ്രകാരം കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ഒരേ ലക്ഷ്യത്തിലുള്ള ഒന്നിലധികം സ്ഥാപനങ്ങൾ ആരംഭിക്കുന്നതു സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കു വിരുദ്ധമയതിനാൽ കുട്ടനാട് റൈസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ആരംഭിക്കേണ്ടതില്ലയെന്നും ആലപ്പുഴയിൽ ആരംഭിക്കുന്ന റൈസ് ടെക്നോളജി പാർക്കും പൊതുമേഖല സ്ഥാപനമായ കേരള റൈസ് ലിമിറ്റഡിന്റെ കീഴിൽ തന്നെ ആരംഭിക്കാവുന്നതാണെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിൻഫ്രയും സംസ്ഥാന ടെക്സ്റ്റൈൽ കോർപറേഷനും തമ്മിൽ "കുട്ടനാട് റൈസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ്" എന്ന ജോയിന്റ് വെഞ്ചർ കമ്പനി തുടങ്ങുവാൻ ഉത്തരവായിരുന്ന പരാമർശം(3) സർക്കാർ ഉത്തരവ് റദ്ദാക്കിയും, പാലക്കാടും ആലപ്പുഴ പ്രഭുറാം മില്ലിലും ആരംഭിക്കുന്നതും ഭാവിയിൽ വ്യവസായ വകുപ്പിന് കീഴിൽ തൃശ്ശൂരിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതുമായ റൈസ് ടെക്നോളജി പാർക്കുകൾ, "കേരള റൈസ് ലിമിറ്റഡ്" എന്ന പൊതുമേഖലാ സ്ഥാപനത്തിന് കീഴിൽ തുടരുന്നതിന് വേണ്ട ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ഡെപ്യൂട്ടിസെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള റൈസ് ലിമിറ്റഡ്, കിൻഫ്ര ഹൗസ്, ശാസ്തമംഗലം
തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്,
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ
വ്യവസായ (സി) വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ